**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 515** **05-10-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീയാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 12 മാസമായിരുന്നു കെട്ടിട നിർമ്മാണ കാലാവധി. നിലവിൽ കെട്ടിടത്തിന്റെ കോൺക്രീറ്റ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്. താഴത്തെ നിലയിലെ ചുമരുകളുടെ ജോലികൾ പൂർത്തിയായി. പ്ലംബിങ് , ഇലക്ട്രിക്കൽ ജോലികൾ പുരോഗമിക്കുന്നു. മുകളിലത്തെ നിലയുടെ ഭിത്തിയുടെ ജോലികൾ നടന്നു വരുന്നു. കോവിഡ് മഹാമാരി കാരണമുള്ള അപ്രതീക്ഷിത സാഹചര്യങ്ങളാണ് നിർമ്മാണ പ്രവൃത്തികളിലെ കാലതാമസത്തിന് കാരണം. |
| (ബി) | പ്രസ്തുത കെട്ടിടം നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാരിന്റെ ഭാഗത്തു നിന്നും സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | നിർമ്മാണം പൂർത്തീകരിച്ച് ട്രഷറി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (സി) | 6 മാസത്തിനുള്ളിൽ പയ്യന്നൂർ സബ് ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ